നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ

239 (2477) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; നിർമ്മാണ സാമഗ്രികൾക്കും അസംസ്കൃത വസ്തുക്കൾക്കുമുണ്ടായ വില വർദ്ധന വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രതിസന്ധിമൂലം ഈ മേഖലയിലെ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആവശ്യമായ അസംസ്കൃത വസ്തുക്കൾ സുഗമമായി ലഭ്യമാകാതെ വരുന്നതാണ് ഇന്ന് സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. അസംസ്കൃത വസ്തുക്കളുടെ ഖനനത്തിനുള്ള പാരിസ്ഥിതിക അനുമതി സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ബഹുമാനപ്പെട്ട സുപ്രീം കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ നിർമ്മാണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ഹ്രസ്വകാല ഖനന പെർമിറ്റുകൾ സമ്പാദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിനായി ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകികൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് 10-1-2014-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രോത്സാഹനത്തോടുകൂടി വിദേശത്തുനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്തു വരുന്നു. കൂടാതെ കേരളത്തിലെ ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികളിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി കാരണം അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും വിലവർദ്ധനവും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ട്രേഡ് യൂണിയനുകളുടെ 17-6-2014-ലെ അവകാശപ്രഖ്യാപന രേഖയിലെ ആവശ്യങ്ങളിൽ തീരുമാനമെടുത്തുവരുന്നു. ധാതുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ചെറുകിട ധാതുക്കളുടെ ലൈസൻസ് അനുവദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്

240 (2478) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്)-ന്റെ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ നഷ്ടം ചുവടെ ചേർക്കുന്നു:

രൂപ ലക്ഷത്തിൽ

2010-11	2011-12	2012-13
-837.56	-471.38	-326.79

പൊതുമേഖലാ വ്യവസായങ്ങൾ

241 (2479) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly